REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും ഉച്ചവരെ നിർത്തിവെച്ചു.
- ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ സഹായിക്കാൻ BJP യുടെ ഭാഗത്ത് നിന്ന് മാത്രമാണ് ആത്മാർത്ഥ ശ്രമം ഉണ്ടാകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.
- 2008 മുംബൈ മലേഗാവ് സ്ഫോടനക്കേസിൽ എല്ലാ പ്രതികളെയും NIA കോടതി വെറുതെ വിട്ടു.
- സ്കൂൾ അവധി ജൂൺ, ജൂലായ് മാസങ്ങളിലാക്കുന്നതിനെക്കുറിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ക്ഷണിക്കുന്നതായി മന്ത്രി V ശിവൻകുട്ടി
- സംസ്ഥാനത്ത് 52 ദിവസത്തെ ട്രോളിങ്ങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും.
- ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനമത്സരം ഇന്ന് ലണ്ടൻ ഓവൽഗ്രൗണ്ടിൽ തുടങ്ങും.

## വാർത്തകൾ വിശദമായി

**പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭയും രാജ്യസഭയും നിർത്തിവെച്ചു. ലോക്സഭ ഉച്ചയ്ക്ക് രണ്ട് വരെയും രാജ്യസഭ 12 വരെയുമാണ് നിർത്തിവെച്ചത്. ലോക്സഭയിൽ ചോദ്യോത്തര വേള ആരംഭിച്ചയുടൻ പ്രതിപക്ഷാംഗങ്ങൾ ബിഹാറിലെ വോട്ടർപട്ടിക പുതുക്കൽ ഉൾപ്പെടെ വിഷയങ്ങളുന്നയിച്ച് നടപടികൾ തടസ്സപ്പെടുത്തുകയായിരുന്നു.**

രാജ്യസഭയിൽ ശൂന്യവേളയിൽ പ്രതിപക്ഷം മുദ്രാവാക്യം വിളിച്ച്, ബിഹാർ പ്രശ്നം ഉന്നയിക്കുകയായിരുന്നു. ഇതേ തുടർന്ന് സഭാധ്യക്ഷൻ സഭ ഉച്ചയ്ക്ക് 12 വരെ നിർത്തിവെച്ചു.

✪✪✪

നാസ - ISRO നിസാർ ദൗത്യം വിജയകരമായി പൂർത്തീകരിച്ചതിനെ പാർലമെന്റിന്റെ ഇരുസഭകളും അഭിനന്ദിച്ചു. ലോകത്തെ വിശ്വസനീയ ബഹിരാകാശ ദൗത്യ പങ്കാളിയായി ഇന്ത്യയെ അംഗീകരിക്കുന്നതിന്റെ തെളിവാണ് വിക്ഷേപണമെന്ന് രാജ്യസഭാ ഉപാധ്യക്ഷൻ ഹരിവംശ് അഭിപ്രായപ്പെട്ടു. ഭാവിയിലും ബഹിരാകാശ വിക്ഷേപണങ്ങൾ വിജയകരമാക്കാൻ ISRO യ്ക്ക് ഇന്നലത്തെ വിജയം പ്രചോദനമാകട്ടെയെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർളയും പറഞ്ഞു.

✪✪✪

പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധിയുടെ 20-ാം ഗഡു മറ്റന്നാൾ വിതരണം ചെയ്യും. വാരണാസിയിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിലാണ് കർഷകരുടെ അക്കൗണ്ടുകളിലേക്ക് സാമ്പത്തിക സഹായം കൈമാറുന്നത്. ദേശീയതലത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രചാരണങ്ങൾ സംഘടിപ്പിക്കാൻ ഇന്നലെ ഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിൽ കൃഷിമന്ത്രി ശിവരാജ്സിംഗ് ചൗഹാൻ നിർദേശം നൽകി. നാല് മാസത്തിലൊരിക്കൽ 2,000 രൂപവീതം 6,000 രൂപയാണ് ഓരോ വർഷവും കർഷകരുടെ അക്കൗണ്ടുകളിലേക്ക് നിധിയിൽ നിന്ന് നൽകുന്നത്.

✪✪✪

ഛത്തീസ്ഗഡിൽ അറസ്റ്റിലായ കന്യാസ്ത്രീകളെ സഹായിക്കാൻ BJP യുടെ ഭാഗത്ത് നിന്ന് മാത്രമാണ് ആത്മാർത്ഥ ശ്രമം ഉണ്ടാകുന്നതെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. നടപടിക്രമങ്ങൾ പാലിക്കാതെ ജാമ്യാപേക്ഷ നൽകിയതാണ് മജിസ്ട്രേറ്റ് കോടതിയും സെഷൻസ് കോടതിയും അത് നിരസിക്കാൻ കാരണമായതെന്നും കേന്ദ്രസഹ മന്ത്രി തിരുവനന്തപുരത്ത് പറഞ്ഞു.

BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറിന്റെ നിർദേശപ്രകാരം അനൂപ് ആന്റണിയെ ഛത്തീസ്ഗഡിലേക്ക് അയച്ചിട്ടുണ്ടെന്നും അവിടുത്തെ ഭരണ നേതൃത്വവുമായി ഇക്കാര്യങ്ങൾ അദ്ദേഹം ചർച്ച ചെയ്യുമെന്നും ജോർജ്ജ് കുര്യൻ പറഞ്ഞു.

കോൺഗ്രസുകാർ ഡൽഹിയിൽ സമരം ചെയ്യുമ്പോൾ ഛത്തീസ്ഗഢിൽ MP മാരെയൊന്നും കൂട്ടത്തിൽ കാണുന്നില്ലെന്നും, ഇന്നലെ ലോക്സഭയിൽ ബഹളംവെച്ചപ്പോൾ, ഛത്തീസ്ഗഢിലെ MP അതിൽ ചേർന്നില്ലെന്നും ജോർജ് കുര്യൻ പറഞ്ഞു.

✪✪✪

ഛത്തിസ്ഗഡ് വിഷയത്തിൽ കോൺഗ്രസിന്റേതും ഇടതുപക്ഷത്തിന്റേതും അവസരവാദ രാഷ്ട്രീയമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. കഴിഞ്ഞ ദിവസങ്ങളിൽ ഛത്തീസ്ഗഢിലെ ജയിലിനും കോടതിക്കും മുന്നിൽ നടത്തിയ അനാവശ്യ നാടകങ്ങളും പ്രതിഷേധങ്ങളും സാഹചര്യത്തെ കൂടുതൽ വഷളാക്കാനും സങ്കീർണ്ണമാക്കാനും മാത്രമാണ് ഉപകരിച്ചതെന്ന് അദ്ദേഹം പറഞ്ഞു. വിഷയത്തെ രാഷ്ട്രീയവൽക്കരിച്ച് അതിലൂടെ നേട്ടമുണ്ടാക്കാനാണ് കോൺഗ്രസ് ശ്രമിക്കുന്നത്. ഇത് കേസിനെ ദോഷകരമായി ബാധിക്കുമെന്ന് അറിഞ്ഞിട്ടും അത് തുടരുകയാണെന്നും രാജീവ് ചന്ദ്രശേഖർ അഭിപ്രായപ്പെട്ടു.

ലോകത്തിന്റെ ഏത് ഭാഗത്ത് മലയാളി പ്രതിസന്ധി നേരിട്ടാലും BJP കൂടെയുണ്ടാകുമെന്നും, ഈ നിലപാടിന്റെ ഭാഗമായാണ് ഛത്തീസ്ഗഢിലെ ഇടപെടലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

✪✪✪

2008 മുംബൈ മലേഗാവ് സ്ഫോടനക്കേസിൽ എല്ലാ പ്രതികളെയും NIA കോടതി വെറുതെ വിട്ടു. സാധ്വി പ്രഗ്യാസിംഗ് ഠാക്കൂർ, ലെഫ്റ്റനന്റ് കേണൽ പ്രസാദ് പുരോഹിത് എന്നിവരടക്കം ഏഴ് പ്രതികൾക്കു മേൽ ചുമത്തിയിരുന്ന കുറ്റം നിലനിൽക്കുന്നതല്ലെന്നും കോടതി കണ്ടെത്തി. 2018 ലാണ് കേസിന്റെ വിചാരണ ആരംഭിച്ചത്. BJP യുടെ മുൻ MPയാണ് സാധ്വി പ്രഗ്യാ സിംഗ് ഠാക്കൂർ. 2008 സെപ്റ്റംബർ 29 ന് മോട്ടോർസൈക്കിളിൽ വെച്ചിരുന്ന സ്ഫോടക വസ്തു പൊട്ടി ആറു പേർ മരിക്കുകയും നൂറിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ജാർഖണ്ഡിലെ എയിംസ് ദിയോഘറിന്റെ ആദ്യ ബിരുദദാന ചടങ്ങിൽ പങ്കെടുക്കും. രാഷ്ട്രപതിയുടെ സന്ദർശനത്തിന് മുന്നോടിയായി ദിയോഘർ, ധൻബാദ്, റാഞ്ചി ഉൾപ്പെടെ നഗരങ്ങളിൽ സുരക്ഷാ ക്രമീകരണങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

നാളെ IIT-ISM ധൻബാദിന്റെ 45-ാമത് ബിരുദദാന സമ്മേളനത്തിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

ജല മലിനീകരണം തടയുന്നതിനും സിന്ധു നദിയുടെ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും അടുത്ത മാസം പന്ത്രണ്ടിന് ലഡാക്ക് സഫായി ആന്തോളൻ ദിനമായി ആചരിക്കും. ഈ ദിവസം കേന്ദ്ര ഭരണ പ്രദേശങ്ങളിലെ ഗവണ്മെന്റ് ഏജൻസികൾ, സൈന്യം,

വ്യോമസേന,സാമൂഹിക ക്ഷേമ സംഘടനകൾ വിദ്യാർഥികൾ തുടങ്ങിയവരുടെ നേതൃത്വത്തിൽ സിന്ധു നദിയും പോഷക നദികളും ശുചീകരിക്കും.

✪✪✪

തിരുവനന്തപുരം മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തെ സമഗ്ര വികസന പദ്ധതിയുടെ പ്രവൃത്തി വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ചടങ്ങിൽ വിശിഷ്ടാതിഥിയാകും. പ്രധാൻമന്ത്രി മത്സ്യ സമ്പദാ യോജനയിൽ കേന്ദ്ര - സംസ്ഥാന ഗവൺമെന്റുകൾ 177 കോടി രൂപ ചെലവഴിച്ചാണ് തുറമുഖത്തെ 'ഗ്രീൻ ആൻഡ് ബ്ലൂ പോർട്ട്' നിലവാരത്തിലേക്ക് ഉയർത്തുന്നത്.

✪✪✪

സംസ്ഥാനത്ത് 52 ദിവസംനീണ്ട ട്രോളിങ് നിരോധനം ഇന്ന് അർദ്ധരാത്രി അവസാനിക്കും. നീണ്ടകരപ്പാലത്തിന്റെ തൂണുകളിൽ ബന്ധിച്ചിരിക്കുന്ന ചങ്ങല, രാത്രി 12 ന് ഫിഷറീസ് അധികൃതർ അഴിച്ചുമാറ്റും..

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി നീരജ് ലാൽ....

.....(വോയ്സ്)......

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിൽ ഇന്ന് മിക്ക ജില്ലകളിലും വ്യാപകമായി മഴ ലഭിക്കുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഒരു ജില്ലയിലും പ്രത്യേക ജാഗ്രതാ നിർദേശം നൽകിയിട്ടില്ല. കേരള-ലക്ഷദ്വീപ്-കർണാടക തീരങ്ങളിൽ ശക്തമായ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തകാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സ്കൂൾ അവധിക്കാലം ഏപ്രിൽ-മെയ് മാസങ്ങളിൽ നിന്ന് മാറ്റി ജൂൺ, ജൂലായ് മാസങ്ങളിലാക്കുന്നതിനെക്കുറിച്ച് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയാൻ ആഗ്രഹിക്കുന്നുവെന്ന് മന്ത്രി V ശിവൻകുട്ടി പറഞ്ഞു. മറ്റു സംസ്ഥാനങ്ങളിലെയും രാജ്യങ്ങളിലെയും അവധിക്കാല ക്രമീകരണങ്ങൾ എങ്ങനെ മാതൃകയാക്കാം എന്ന് പരിശോധിക്കണമെന്നും മന്ത്രി ഫേസ്ഫുക്കിൽ കുറിച്ചു. മൺസൂൺ മാസങ്ങളിൽ കനത്ത മഴ മൂലം പലപ്പോഴും ക്ലാസുകൾക്ക് അവധി നൽകേണ്ട സാഹചര്യമുണ്ടെന്നും ഇത് പഠനം തടസ്സപ്പെടുത്താറുണ്ടെന്നും മന്ത്രി പറഞ്ഞു. ഈ പശ്ചാത്തലത്തിലാണ് അവധിക്കാലം ജൂൺ, ജൂലൈ മാസങ്ങളിലേക്ക് മാറ്റുന്നതിനെക്കുറിച്ച് പൊതു ചർച്ചയ്ക്ക് തുടക്കമിടുന്നതെന്നും മന്ത്രി അറിയിച്ചു.

✪✪✪

ഇന്ത്യ-ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാനമത്സരം ഇന്ത്യൻ സമയം വൈകിട്ട് മൂന്നരയ്ക്ക് ലണ്ടൻ ഓവൽഗ്രൗണ്ടിൽ ആരംഭിക്കും. അഞ്ച് മത്സര പരമ്പരയിൽ രണ്ടെണ്ണം വിജയിച്ച ഇംഗ്ലണ്ടുമായി സമനില പാലിക്കാൻ അവസാന മത്സരത്തിലെ ജയം ഇന്ത്യക്ക് അനിവാര്യമാണ്.

✪✪✪

കണ്ണൂർ നാറാത്ത് പഞ്ചായത്തിലെ പുല്ലൂപ്പിക്കടവ് സഞ്ചാരികളുടെ ഇഷ്ട വിനോദ സഞ്ചാര കേന്ദ്രമായി മാറുന്നു.

ആകാശവാണി ജില്ലാ പ്രതിനിധി K.O ശശിധരൻ.

.....വോയ്സ്.......

✪✪✪

ഇടുക്കിയിലെത്തുന്ന വനിതാ യാത്രികർക്ക് കോടമഞ്ഞിന്റെ കുളിരും തേയിലത്തോട്ടത്തിന്റെ ഭംഗിയും ആസ്വദിച്ച് ഷീ ലോഡ്ജിൽ സുരക്ഷിതമായി താമസിക്കാം.

ആകാശവാണി പ്രതിനിധി രതീഷ് കൃഷ്ണ.

........വോയ്സ്........

✪✪✪

സാമൂഹിക സേവന സംഘടനയായ കോഴിക്കോട് മലാപറമ്പിലെ തണൽ, അന്താരാഷ്ട്ര സൗഹൃദ ദിനത്തിന്റെ ഭാഗമായി, "ബഡീസ് മീറ്റ്" എന്ന ഭിന്നശേഷി ബോധവത്കരണ പരിപാടി മറ്റന്നാൾ രാവിലെ നടത്തും. പന്തീരങ്കാവ് ഓക്സ്ഫോർഡ് സ്കൂളിലെ പരിപാടി MK രാഘവൻ MP ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ പാട്യം പഞ്ചായത്തിലെ കണ്ണവം ഫോറസ്റ്റ് റെയ്ഞ്ചിലെ കടവ് ഭാഗത്തെ ജനവാസ മേഖലയിൽ കാട്ടാനകളിറങ്ങി. വനം വകുപ്പിന്റെ നേതൃത്വത്തിൽ ആനകളെ തുരത്തുന്നതിന് നടപടി ആരംഭിച്ചു. കടവ്, ഇളമാങ്കൽ, ചെന്നപ്പൊയിൽ, ഉന്നതിവാസികൾക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: ശരണ്യരാജൻ,*
*NRTs: അനിൽ ചന്ദ്രൻ*
*DEO: ഷീബ*